# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:04-07-2024**

## പ്രധാനവാർത്തകൾ

1.) ഭീകരവാദികൾക്ക് അഭയം നൽകുകയും സുരക്ഷിത താവളമൊരുക്കുകയും ചെയ്യുന്ന രാജ്യങ്ങളെ അന്താരാഷ്ട്ര സമൂഹം ഒറ്റപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2) പ്രധാനമന്ത്രിയുടെ റഷ്യൻ സന്ദർശനത്തിന് തിങ്കളാഴ്ച തുടക്കമാവും.

3) കാര്യവട്ടം ക്യാമ്പസിലെ സംഘർഷവുമായി ബന്ധപ്പെട്ട് നിയമസഭയിൽ പ്രതിപക്ഷ ബഹളം. സഭ ഇന്നത്തേക്ക് പിരിഞ്ഞു.

4) തിരുവനന്തപുരം മുതലപ്പൊഴിയിലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാൻ കേന്ദ്ര – സംസ്ഥാന സർക്കാരുകൾ ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ.

5) നിതീ ആയോഗിൻറെ സമ്പൂർണതാ അഭിയാന് സംസ്ഥാനത്ത് തുടക്കം.

6) ട്വൻറി - 20 ക്രിക്കറ്റ് ലോക കപ്പ് ജേതാക്കളായ ഇന്ത്യൻ ടീമിന് ആവേശകരമായ സ്വീകരണമൊരുക്കി മുംബൈ നഗരം.

$$$$$$$$$$$$$$$$$$$$$$

<u>**ഷാങ്ഹായ് ഉച്ചകോടി**</u>

RNU TVPM

ഭീകരവാദികൾക്ക് അഭയം നൽകുകയും സുരക്ഷിത താവളമൊരുക്കുകയും ചെയ്യുന്ന രാജ്യങ്ങളെ അന്താരാഷ്ട്ര സമൂഹം ഒറ്റപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അതിർത്തി കടന്നുള്ള ഭീകരതയ്ക്ക് തക്കതായ മറുപടി നൽകണമെന്നും ഷാങ്ഹായ് നേതൃതല ഉച്ചകോടിക്ക് നൽകിയ സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു. ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കറാണ് പ്രധാനമന്ത്രിക്ക് വേണ്ടി സന്ദേശം പങ്കു വച്ചത്. യുവാക്കൾക്കിടയിൽ തീവ്രവാദ പ്രവണത വ്യാപിക്കുന്നത് തടയാൻ സജീവമായ നടപടികൾ കൈക്കൊള്ളണമെന്ന് ശ്രീ മോദി ചൂണ്ടിക്കാട്ടി. സാങ്കേതികവിദ്യയിലെ സർഗ്ഗാത്മകതയെ കുറിച്ച് പരാമർശിച്ച പ്രധാനമന്ത്രി, നിർമിത ബുദ്ധിയിൽ ദേശീയ നയം രൂപീകരിക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യയെന്നും, രാജ്യത്ത് AI ദൗത്യം ഉടൻ ആരംഭിക്കുമെന്നും അറിയിച്ചു.

**$$$$$$$$$$$$$$$$$$$$$$**

**<u>പ്രധാനമന്ത്രി റഷ്യ</u>**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ റഷ്യൻ സന്ദർനത്തിന് തിങ്കളാഴ്ച തുടക്കമാവും. 22-മത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി, റഷ്യൻ പ്രസിഡൻറ് വ്ളാദിമിർ പുടിൻറെ ക്ഷണപ്രകാരമാണ് അദ്ദേഹം മോസ്കോയിലെത്തുന്നത്. പുടിനുമായി ശ്രീ മോദി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. തുടർന്ന് അദ്ദേഹം ഈ മാസം 9,10 തീയതികളിൽ ഓസ്ട്രിയ സന്ദർശിക്കും.

RNU TVPM

**$$$$$$$$$$$$$$$$$$$$$$**

**<u>നിയമസഭ (ഇൻട്രോ)</u>**

കാര്യവട്ടം ക്യാമ്പസിലെ സംഘർഷവുമായി ബന്ധപ്പെട്ട പ്രതിപക്ഷ ബഹളത്തെത്തുടർന്ന് നിയമ സഭ ഇന്നത്തേക്ക് പിരിഞ്ഞു. നടപടികൾ നിർത്തി വയ്ക്കാനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണ അനുമതി നിഷേധിച്ചതിനെ തുടർന്നാണ് പ്രതിപക്ഷം സഭയിൽ പ്രതിഷേധിച്ചത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്............

(വോയിസ്)

$$$$$$$$$$$$$$$$$$$$$$$

**വനഭൂമി പട്ടയം**

വനഭൂമി പട്ടയം സംബന്ധിച്ച വിവരശേഖരണത്തെ കുറിച്ച് അറിവ് ലഭിക്കാത്തത് മൂലം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് ഒരവസരം കൂടി നൽകാൻ സർക്കാർ തീരുമാനിച്ചതായി റവന്യൂ മന്ത്രി കെ രാജൻ. നിയമസഭയിൽ പി എസ് സുപാലിന്റെ സബ്മിഷന് മറുപടി പറയുകയായിരുന്നു മന്ത്രി. എംഎൽഎ ഉന്നയിച്ച പ്രശ്നം ചില കർഷക സംഘടനകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ സാഹചര്യത്തിൽ വനഭൂമിയിൽ കുടിയേറിയ പട്ടയം ലഭിച്ചിട്ടില്ലാത്തവർക്കായി നടത്തിയ വിവരശേഖരണത്തിന്റെ കാലാവധി ജൂലൈ 10 മുതൽ 30 വരെ ദീർഘിപ്പിക്കുകയാണെന്ന് മന്ത്രി, നിയമസഭയെ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$

**ജോർജ്ജ് കുര്യൻ - മുതലപ്പൊഴി**

തിരുവനന്തപുരം മുതലപ്പൊഴിയിലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാൻ കേന്ദ്ര – സംസ്ഥാന സർക്കാരുകൾ ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ. പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനാണ് കേന്ദ്ര സർക്കാരിൻറെ ശ്രമമെന്നും അദ്ദേഹം വ്യക്തമാക്കി. മത്സ്യത്തൊഴിലാളി പ്രതിനിധികളുമായി നടത്തിയ ചർച്ചക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കേന്ദ്രസഹമന്ത്രി. തീരദേശവാസികൾ പങ്കുവെച്ച ആശങ്കകളിൽ ഉടൻ ഇടപെടലുണ്ടാകുമെന്നും ശ്രീ ജോർജ്ജ് കുര്യൻ ഉറപ്പ് നൽകി.

RNUTVPM

$$$$$$$$$$$$$$$$$$$$$$$

**സുരേഷ് ഗോപി.**

കേരളത്തിൽ ഏറ്റവും യോഗ്യമായ സ്ഥലത്ത് തന്നെ എയിംസ് വരണം എന്നാണ് താൻ ആഗ്രഹിക്കുന്നതെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി. വികസനം എന്നത് കേരളത്തിന് മുഴുവൻ അവകാശപ്പെട്ടതാണെന്നും, അതിനുള്ള എല്ലാ ശ്രമങ്ങളും തന്റെ

ഭാഗത്തുനിന്നും ഉണ്ടാകുമെന്നും തൃശ്ശൂരിലെ മണലൂർ മണ്ഡലത്തിൽ ബിജെപി പ്രവർത്തകർ നൽകിയ സ്വീകരണം ഏറ്റുവാങ്ങിക്കൊണ്ട് അദ്ദേഹം പറഞ്ഞു.

കേരളത്തിൽ രാത്രിയിൽ യാത്ര ചെയ്യുന്ന സ്ത്രീകൾക്കു മുൻഗണന നൽകിക്കൊണ്ട്, 25 കിലോമീറ്റർ കൂടുമ്പോൾ വരുന്ന പെട്രോൾ പമ്പുകൾ കേന്ദ്രീകരിച്ച് ടോയ്ലറ്റ് മിനി റസ്റ്റോറന്റ് സൗകര്യത്തോടു കൂടിയ മോട്ടൽ ശൃംഖല തുടങ്ങാനുള്ള പദ്ധതിക്ക് രൂപം നൽകിയതായും, കേന്ദ്ര സഹമന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$

**<u>സമ്പൂർണത അഭിയാൻ</u>**

നിതി ആയോഗിൻറെ നേതൃത്വത്തിൽ നടപ്പാക്കുന്ന സമ്പൂർണത അഭിയാന് വയനാട് ജില്ലയിൽ തുടക്കമായി. പനമരം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടി അസിസ്റ്റൻറ് കളക്ടർ ഗൗതംരാജ് ഉദ്ഘാടനം ചെയ്തു. ബത്തേരി, കൽപ്പറ്റ ബ്ലോക്കുകളിലും സമ്പൂർണത അഭിയാൻറെ ഭാഗമായി പരിപാടികൾ നടക്കുന്നുണ്ട്. കാസർഗോഡ് പരപ്പ ബ്ലോക്കിലെ പരിപാടി ജില്ലാ കളക്ടർ കെ. ഇമ്പശേഖർ ഉദ്ഘാടനം ചെയ്തു. കേന്ദ്രം നടപ്പാക്കുന്ന അഭിലാഷ ജില്ലാ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമിട്ടാണ് സമ്പൂർണതാ അഭിയാൻ നടപ്പാക്കുന്നത്.

RNI TVPM

$$$$$$$$$$$$$$$$$$$$$

**<u>സമ്പൂർണത - ബ്ലോക്ക്</u>**

അഭിലാഷ പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ കൊല്ലങ്കോടും ഇടുക്കിയിലെ ദേവികുളത്തും നാളെ സമ്പൂർണതാ അഭിയാൻ സംഘടിപ്പിക്കും. കൊല്ലങ്കോട് വാസുദേവ മേനോൻ മെമ്മോറിയൽ പഞ്ചായത്ത് ഹാളിലും ദേവികുളത്ത് ബ്ലോക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലുമാണ് പരിപാടി. .

$$$$$$$$$$$$$$$$$$$$$

**ലക്ഷദ്വീപ് - പണ്ടാര ഭൂമി**

ലക്ഷദ്വീപിലെ 5 ദ്വീപുകളിലെ പണ്ടാര ഭൂമികൾ തിരിച്ചുപിടിക്കുന്നതിൻ്റെ ഭാഗമായി അഡ്മിനിസ്ട്രേഷൻ നടത്തുന്ന സർവ്വേ നടപടികൾ ഇന്നും തുടർന്നു. അഗത്തി, കവരത്തി, കൽപ്പേനി , മിനിക്കോയ്, അന്ത്രോത്ത് ഉൾപ്പെടെയുള്ള ദ്വീപുകളിലാണ് സർവേ നടക്കുന്നത്. ഇതിനെതിരെ വിവിധ രാഷ്ട്രീയ സാമൂഹിക സംഘടനകൾ പ്രതിഷേധം സംഘടിപ്പിച്ചു. ഭൂമിയിൽ അവകാശവാദം ഉന്നയിച്ചുള്ള അഡ്മിനിസ്ട്രേഷന്റെ നടപടികൾക്കെതിരെ സ്ഥലമുടമകളുടെ കൂട്ടായ്മ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. 5 ദ്വീപുകളിലായി പണ്ടാരം ഭൂമി വിഭാഗത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 575.75 ഹെക്ടർ ഭൂമിയിൽ 3117 വീടുകളും 431 വ്യാപാര കേന്ദ്രങ്ങളും 70 മതസ്ഥാപനങ്ങളുമാണുള്ളത്.

$$$$$$$$$$$$$$$$$$$$$

**റേഷൻ സമരം**

ഈ മാസം 8നും 9നും റേഷൻ കടകൾ അടച്ചിട്ട് സമരം നടത്തുന്നതിന് മുന്നോടിയായി നടന്ന മന്ത്രിതല ചർച്ച സമവായം ആകാതെ പിരിഞ്ഞു. ഭക്ഷ്യ മന്ത്രി ജി ആർ അനിലുമായും, ധനകാര്യ മന്ത്രി കെ എൻ ബാലഗോപാലുമായും നടത്തിയ ചർച്ച പരാജയപ്പെട്ടതിനെ തുടർന്ന് സമരവുമായി മുന്നോട്ട് പോകാൻ റേഷൻ വ്യാപാരികളുടെ സംഘടന തീരുമാനിച്ചു. വേതനം പരിഷ്ക്കരിക്കുക, ക്ഷേമനിധി പുതുക്കി നൽകുക, തുടങ്ങിയ ആവശ്യങ്ങളാണ് റേഷൻ വ്യാപാരികൾ പ്രധാനമായും മുന്നോട്ട് വെച്ചത്.

RNU TVPM

$$$$$$$$$$$$$$$$$$$$$

**ഹേമന്ദ് സോറൻ**

ഝാർഖണ്ഡ് മുഖ്യമന്ത്രിയായി ജെ.എം.എം നേതാവ് ഹേമന്ദ് സോറൻ സത്യപ്രതിജ്ഞ ചെയ്തു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ സി.പി രാധാകൃഷ്ണൻ സത്യവാചകം ചൊല്ലിക്കൊടുത്തു. ഭൂമി കുംഭകോണവുമായി ബന്ധപ്പെട്ട ഇ.ഡി കേസിൽ അറസ്റ്റിലായതിനെ തുടർന്നാണ് ഹേമന്ദ് സോറൻ അഞ്ച് മാസം മുൻപ് മുഖ്യമന്ത്രി സ്ഥാനം രാജി വച്ചത്. കേസിൽ ഹൈക്കോടതി അദ്ദേഹത്തിന് കഴിഞ്ഞ ദിവസം ജാമ്യം അനുവദിച്ചിരുന്നു.

$$$$$$$$$$$$$$$$$$$$$$

**ഐ.എസ്.ആർ.ഒ**

അപോഫിസ് ഛിന്നഗ്രഹത്തെക്കുറിച്ച് പഠനം നടത്തുമെന്ന് ഐ.എസ്.ആർ.ഒ . 340 മീറ്റർ വലിപ്പമുള്ള അപോഫിസ് 2029 ൽ ഭൂമിയ്ക്ക് സമീപം എത്തുമെന്ന പ്രവചനങ്ങൾ നിലനിൽക്കേയാണ് ഛിന്നഗ്രഹത്തെക്കുറിച്ച് പഠിക്കുമെന്ന് ഐ.എസ്.ആർ.ഒ മേധാവി എസ്. സോമനാഥ് അറിയിച്ചത്. നാസയ്ക്കും, യുറോപ്യൻ, ജാപ്പനീസ് സ്പേസ് ഏജൻസികൾക്കുമൊപ്പമാണ് ഐ.എസ്.ആർ.ഒ പഠനത്തിൽ പങ്കാളിയാവുന്നത്.

$$$$$$$$$$$$$$$$$$$$$$

**ഇടുക്കി -ഇൻട്രോ**

ഇടുക്കി കാന്തല്ലൂരിലെ കൃഷിയിടങ്ങളിൽ തമ്പടിച്ചിരിക്കുന്ന കാട്ടാന കൂട്ടത്തെ വനത്തിലേക്ക് കയറ്റുന്നതിനായി വനംവകുപ്പ് ആർ.ആർ.ടി സംഘം കാന്തല്ലൂരിൽ എത്തി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ........

(വോയിസ്)

$$$$$$$$$$$$$$$$$$$$$$

**ഇന്ത്യൻ ടീം - റോഡ് ഷോ**

ട്വൻറി - 20 ക്രിക്കറ്റ് ലോക കപ്പ് ജേതാക്കളായ ഇന്ത്യൻ ടീമിന് ആവേശകരമായ സ്വീകരണമൊരുക്കി മുംബൈ നഗരം. പതിനായിരക്കണക്കിന് ആരാധകരാണ് നരിമാൻ പോയിന്റിൽ നിന്ന് വാങ്കഡെ സ്റ്റേഡിയം വരെ നടത്തുന്ന റോഡ് ഷോയിൽ പങ്കെടുക്കാനെത്തിയിട്ടുള്ളത്. തുടർന്ന് നടക്കുന്ന അനുമോദന സമ്മേളനത്തിൽ BCCI പ്രഖ്യാപിച്ച പാരിതോഷികം ടീമംഗങ്ങൾക്ക് കൈമാറും. ഇന്ത്യൻ സംഘം ഉച്ചക്ക് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിലെ അദ്ദേഹത്തിൻറെ വസതിയിൽ കൂടിക്കാഴ്ച നടത്തിയിരുന്നു.

RNU TVPM

$$$$$$$$$$$$$$$$$$$$$$

## യൂറോ കപ്പ്-കോപ്പ അമേരിക്ക

യൂറോ കപ്പ്, കോപ്പ അമേരിക്ക ഫുട്ബോൾ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം. രാവിലെ 6.30 ന് നടക്കുന്ന അർജൻറീന-ഇക്വഡോർ മത്സരത്തോടെയാണ് കോപ്പ ക്വാർട്ടർ മത്സരങ്ങൾ ആരംഭിക്കുക. യൂറോ കപ്പിൽ നാളെ രാത്രി 9.30 ന് സ്പെയിൻ ജർമ്മനിയുമായി ഏറ്റുമുട്ടും.

$$$$$$$$$$$$$$$$$$$$$$

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 63 പോയിൻറ് ഉയർന്ന് 80,050ലും ദേശീയ ഓഹരി സൂചിക . നിഫ്റ്റി 16 പോയിൻ്റ് നേട്ടത്തിൽ 24,302 ലും വ്യാപാരം അവസാനിപ്പിച്ചു.

PNU TVPM

$$$$$$$$$$$$$$$$$$$$$$

## യു.പി.ഐ - യുഎഇ

യുഎഇയിൽ എത്തുന്ന ഇന്ത്യൻ യാത്രികർക്ക് ഇനിമുതൽ പി.ഒ.എസ് മെഷീനുകളിലൂടെ യു.പി.ഐ പണമിടപാടുകൾ നടത്താനാവും. സൂപ്പർ മാർക്കറ്റ്, ഗതാഗതം, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിലെ രണ്ട് ലക്ഷത്തിലേറെ പി.ഒ.എസ് ടെർമിനലുകളിലാണ് സേവനം ലഭ്യമാവുന്നത്. NPCI ഇൻറർനാഷണൽ പേയ്മെൻറ് ലിമിറ്റഡും, നെറ്റ്വർക്ക് ഇൻറർനാഷണലും ചേർന്നാണ് ഈ സൗകര്യം നൽകുന്നത്.

$$$$$$$$$$$$$$$$$$$$$$

## വോട്ടർപട്ടിക

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജുലൈ ഒന്നിന് പ്രസിദ്ധീകരിച്ച തദ്ദേശ വോട്ടർപട്ടികയിൽ 2.66 കോടി വോട്ടർമാരാണുള്ളതെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ . 1.26 കോടി പുരുഷൻമാരും 1.4 കോടിസ്ത്രീകളും 238 ട്രാൻസ്ജെൻഡറുകളുമാണ് പട്ടികയിൽ ഉള്ളത്.

വോട്ടർപട്ടിക കമ്മീഷന്റെ seckerala.gov.in വെബ്സൈറ്റിലും അതാത് തദ്ദേശസ്ഥാപനങ്ങളിലും താലൂക്ക്, വില്ലേജ് ഓഫീസുകളിലും പരിശോധനയ്ക്ക് ലഭ്യമാണ്.

$$$$$$$$$$$$$$$$$$$$$

$$$$$$$$$$

$$$$$$

$$$$

$

RNU TVPM